**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5514** **15-03-2023 - ൽ മറുപടിയ്ക്ക്**

**മൃഗസംരക്ഷണ വകുപ്പിന്റെ ഗുണനിലവാര പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് കൊണ്ടുവരുന്ന ഇറച്ചിക്കോഴി, പാലുല്പന്നങ്ങൾ, പക്ഷിമൃഗാദികൾ എന്നിവ അതിർത്തിയിൽ കുറ്റമറ്റ രീതിയിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് വകുപ്പ് നടത്തുന്ന ഇടപെടൽ വിശദമാക്കാമോ; | (എ) | ഇതരസംസ്ഥാനത്തു നിന്നും കേരളത്തിലേയ്ക്ക് കൊണ്ടു വരുന്ന ഇറച്ചിക്കോഴി, പാലുല്പന്നങ്ങൾ, പക്ഷി മൃഗാദികൾ എന്നിവ മൃഗസരക്ഷണ വകുപ്പിന്റെ ചെക്കപോസ്റ്റുകളിൽ കർശന പരിശോധന നടത്തിയാണ് കേരളത്തിലേയ്ക്ക് കടത്തി വിടുന്നത്. ജീവനുള്ള മൃഗങ്ങളുടെയും പക്ഷികളുടെയും രക്തവും മറ്റു സ്രവങ്ങളും ലബോറട്ടറി പരിശോധനയ്ക്ക് വിധേയമാക്കി രോഗബാധയില്ല എന്നുറപ്പാക്കിയാണ് കടത്തി വിടുന്നത്. നിലവിൽ കുളമ്പ് രോഗം, ബ്രൂസല്ല രോഗം, ജോണീസ് ഡിസീസ് എന്നിവയും, ആട് വസന്ത, പക്ഷിപ്പനി തുടങ്ങിയ രോഗങ്ങളും പടർന്നു പിടിക്കില്ല എന്നുറപ്പ വരുത്തുന്നതിനുള്ള സംവിധാനങ്ങൾ പാലക്കാട് ജില്ലയിൽ ഒരുക്കിയിട്ടുണ്ട്. ചെക്ക്പോസ്റ്റ് സംവിധാനം ഒഴിവാക്കി വരുന്ന വാഹനങ്ങൾ പരിശോധിക്കുവാൻ വിജിലൻസ് യൂണിറ്റും, മൊബൈൽ ചെക്ക്പോസ്റ്റ് സംവിധാനവും പാലക്കാട് ജില്ലയിൽ രാത്രിയും പകലും പ്രവർത്തിച്ചു വരുന്നുണ്ട്. ഇത് കൂടാതെ അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് മൃഗങ്ങളെയും പക്ഷികളെയും മറ്റു ഉത്പ്പന്നങ്ങളും ഇറക്കുമതി ചെയ്യുന്നവരുടെ ഒരു വിവരശേഖരണം നടത്തി ആരൊക്കെ എന്തെല്ലാം സാധനങ്ങൾ എവിടെ നിന്നും എവിടേയ്ക്ക് കൊണ്ടു വരുന്നു എന്നുള്ളത് രേഖപ്പെടുത്തി തുടങ്ങിയിട്ടുണ്ട്. ഇതിലൂടെ ഓരോ വാഹനവും തിരിച്ചറിയാനും, രോഗം സ്ഥിരീകരിച്ചാൽ കരുതൽ നടപടികൾ എത്രയും പെട്ടെന്ന് തുടങ്ങുവാനും വാഹനവും, കൊണ്ടുവന്ന ഉരുപ്പടികളും ബന്ധവസാക്കുവാനും സാധിക്കുന്നു. അതുവഴി രോഗ വ്യാപനം തടയാനും കഴിയുന്നു. നിലവിൽ ഇറച്ചിക്കോഴി, പാൽ ഉത്പന്നങ്ങൾ, പക്ഷിമൃഗാദികൾ തുടങ്ങി അതിർത്തി കടന്നു വരുന്ന ഇനങ്ങളുടെ കണക്കും വിവരശേഖരണവും |

| | | | |
|---|---|---|---|
| | | | **രോഗപരിശോധനയുമാണ് ചെക്ക്പോസ്റ്റുകളിൽ നടത്തുന്നത്.** <br> **ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന പാലും, പാലുല്പന്നങ്ങളും അതിർത്തിയിൽ കുറ്റമറ്റ രീതിയിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പ വരുത്തുന്നതിന് ക്ഷീര വികസന വകുപ്പ് സംസ്ഥാനത്തിന്റെ ചെക്ക് പോസ്റ്റുകളായ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം), പാറശ്ശാല (തിരുവനന്തപുരം) എന്നിവിടങ്ങളിൽ പാൽ പരിശോധിക്കുന്നതിന് വേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഓണക്കാലത്ത് സംസ്ഥാനത്തിന് പുറത്ത് നിന്നും വരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കു ന്നതിനായി കുമളിയിലും (ഇടുക്കി), വാളയാറിലും (പാലക്കാട് ) ചെക്ക് പോസ്റ്റുകളിൽ താൽക്കാലിക ഗുണനിയന്ത്രണ ലാബുകൾ സ്ഥാപി ച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പ വരുത്താറുണ്ട്. കൂടാതെ കാസർഗോഡ്, പാലക്കാട്, കോട്ടയം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ലാബുകളിലും തിരുവനന്തപുരത്തു പ്രവർത്തിക്കുന്ന (അക്രഡിറ്റഡ്) സ്റ്റേറ്റ് ഡയറി ലാബിലും പാൽ പരിശോധന സംവിധാനങ്ങൾ നിലവിലുണ്ട്, കൂടാതെ കേരളത്തിലെ എല്ലാ ജില്ലകളിലും പാൽ ഗുണനിയന്ത്രണ ലബോറട്ടറികൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട് .** |
| (ബി) | മൃഗസംരക്ഷണ വകുപ്പിലെ ജീവനക്കാർ ചെക്ക്പോസ്റ്റിൽ അനധികൃത കടത്തിന് കൂട്ടുനിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | **ഇല്ല; എന്നാൽ ചെക്കുപോസ്റ്റുകളിൽ അനധികൃതമായ കടത്ത് തടയുന്നതിനായി നിരന്തരമായ മിന്നൽ പരിശോധനകൾ വകുപ്പ് നടത്തുന്നുണ്ട്. കൂടാതെ CCTV പ്രവർത്തന ക്ഷമമാക്കുന്നതിനും ചെക്ക്പോസ്റ്റുകളിൽ നേരിട്ടുള്ള പണമിടപാടുകൾ ഒഴിവാക്കി ഓൺലൈൻ സംവിധാനം ഒരുക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.** |
| (സി) | ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി നടത്തിവരുന്ന പരിശോധനാ സംവിധാനങ്ങൾ കുറ്റമറ്റതാക്കി വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | **ജീവനുള്ള മൃഗങ്ങളുടെയും പക്ഷികളുടെയും രോഗ നിർണ്ണയത്തിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. രോഗം ഉണ്ടെന്നു സംശയിക്കുന്ന മൃഗങ്ങളെ മാറ്റി പാർപ്പിയ്ക്കുന്നതിന് സംവിധാനം സജ്ജീകരിച്ചു വരുന്നു. രോഗനിർണ്ണയത്തിന് ലബോറട്ടറി വികസനത്തിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. പാൽ, മാംസം, പാലുല്പന്നങ്ങൾ എന്നിവയുടെ ഗുണ നിലവാര പരിശോധന, തുടർനടപടികൾ എന്നിവയിലെ അപര്യാപ്തതകൾ പരിഹരിയ്ക്കുന്നതിനായുള്ള ചർച്ചകൾ നടന്നു വരുന്നു.** |

| | | | |
|---|---|---|---|
| | | | **സംസ്ഥാനത്തിനു പുറത്തുനിന്നും കേരളത്തിലേക്ക് കൊണ്ടുവരുന്ന പാലും, പാലുല്പന്നങ്ങളും അതിർത്തിയിൽ കുറ്റമറ്റ രീതിയിൽ പരിശോധിച്ച് ക്ഷീരവികസന വകുപ്പ് ഗുണനിലവാരം ഉറപ്പു വരുത്തുന്നുണ്ട്. ക്ഷീര വികസന വകുപ്പ് പ്രാഥമിക പരിശോധനകളാണ് ചെക്ക് പോസ്റ്റിൽ നടത്താറുള്ളത്. നിശ്ചിത ഗുണനിലവാരം ഇല്ല എന്നു കണ്ടെത്തിയാൽ നിയമപരമായ നടപടികൾ സ്വീകരിക്കാൻ നിലവിൽ അധികാരമുള്ള ഭക്ഷ്യസുരക്ഷാ വകുപ്പിനെ ഈ വിവരം അറിയിക്കുകയാണ് ചെയ്തു വരുന്നത്.** |

സെക്ഷൻ ഓഫീസർ